# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3420** — 20.06.2018-ൽ മറുപടി നൽകേണ്ടത്.

## അഴിമതിരഹിത സിവിൽ സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | പൊതു ജനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; പ്രസ്തുത സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ;വിശദാംശം ലഭ്യമാക്കാമോ; | (എ) യും (ബി) യും | 31.03.1985-ലെ 3461/എ 2/85/ഉഭപവ. സർക്കുലർ പ്രകാരം സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ/ അപേക്ഷകൾ / നിവേദനങ്ങൾ തുടങ്ങിയവയ്ക്ക് ഒരാഴ്ചയ്ക്കുള്ളിൽ കൈപ്പറ്റ് രസീത് നൽകണമെന്നും, പ്രസ്തുത പരാതികൾ/അപേക്ഷകൾ /നിവേദനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അപേക്ഷകന് ഒരു മാസത്തിനുള്ളിലും അന്തിമ തീർപ്പ് മൂന്ന് മാസത്തിനകവും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br>മേൽ നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പദ്ധ്യക്ഷന്മാർ ശിക്ഷാ നടപടി കൈക്കൊള്ളണമെന്ന് നിർദ്ദേശിച്ചുകൊണ്ട് നം. 11433/എ.ആർ13(2) / 2015/ ഉഭപവ. തീയതി, 16.07.2015 സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഫയലുകളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കൽ നിർദ്ദേശങ്ങളടങ്ങിയ നം. 27/എ.ആർ14(2)/18/ഉഭപവ. തീയതി 21.02.2018 സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കർത്തവ്യ നിർവ്വഹണ വീഴ്ച സംബന്ധിച്ച് ഒരു ഉദ്യോഗസ്ഥനെതിരെ പൊതുജനങ്ങളിൽ നിന്നും ആരോപണമുണ്ടാവുകയും അത് തെളിയിക്കപ്പെടുകയും ചെയ്താൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ പിരിച്ചുവിടൽ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | കർത്തവ്യ നിർവ്വഹണ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ആരോപണം തെളിയുന്ന പക്ഷം ചട്ടപ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കാറുണ്ട്.<br><br>ഭരണരംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് വിവര സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി വരുന്നു. ഇ-ഓഫീസ് സംവിധാനം കൂടുതൽ വകുപ്പുകളിൽ നടപ്പാക്കി. ഓൺലൈൻ അപേക്ഷ, ഓൺലൈൻ വഴിയുള്ള അനുമതി തുടങ്ങിയവ വിവിധ വകുപ്പുകളിൽ നടപ്പാക്കി വരുന്നു. ജീവനക്കാരുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തിയ പഞ്ചിംഗ് സംവിധാനം മറ്റ് വകുപ്പുകളിലും സമയബന്ധിതമായി നടപ്പാക്കും. |

സെക്ഷൻ ഓഫീസർ.